അങ്ങാടി ഗ്രാമ പഞ്ചായത്തിലെ ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിൽസ ആരംഭിക്കാൻ നടപടി

152 [928] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്ങാടി ഗ്രാമ പഞ്ചായത്തിൽ എന്നാണ് സർക്കാർ ആയുർവേദ ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിട സൗകര്യമുണ്ടോ ;

(സി) ആയുർവേദ ഡിസ്പെൻസറിയുടെ പദവി ഉയർത്തി രോഗികളെ കിടത്തി ചികിൽസ ആരംഭിക്കുവാൻ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) 11-12-1954-ൽ ആണ് ആരംഭിച്ചത്.

(ബി) ഉണ്ട്.

(സി) ഈ ഡിസ്പെൻസറിയുടെ പദവി ഉയർത്തി കിടത്തി ചികിൽസ ആരംഭിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

പേയിംഗ് ക്വാണ്ടറുകൾ മുഖേനയുള്ള ഔഷധ വിതരണം

153 [929] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ എത്ര ആശുപത്രികളിൽ പേയിംഗ് ക്വാണ്ടറുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) മെഡിക്കൽ കോളേജ് ആശുപത്രികളോടനുബന്ധിച്ചുള്ള പേയിംഗ് ക്വാണ്ടറുകളിലെ ഔഷധങ്ങൾ, ഇതര മെഡിക്കൽ ഉപകരണങ്ങൾ എന്നിവയുടെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വാങ്ങലും വിൽപ്പനയും ലാഭ-നഷ്ടവും സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ ;

(സി) ഏതെങ്കിലും പേയിംഗ് ക്വാണ്ടറുകളിൽ കാലഹരണപ്പെട്ട ഔഷധങ്ങൾ ക്രമാതീതമായും നിയമവിരുദ്ധമായും ശേഖരിച്ച് നഷ്ടം വരുത്തിയതായ പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) പേയിംഗ് ക്വാണ്ടറുകളിൽ ഔഷധ വിൽപ്പനയിലും കണക്കുകൾ സൂക്ഷിക്കുന്നതിലും സാമ്പത്തിക അച്ചടക്കവും ഗവൺമെന്റ് സ്റ്റോർ പർച്ചേസ് നിയമവും നിർദ്ദേശങ്ങളും ലംഘിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സാമ്പത്തിക ഇടപാടുകളിൽ പരിചയവും പരിശീലനവും ലഭിച്ച സീനിയർ ഗവൺമെന്റ് ഉദ്യോഗസ്ഥന് പേയിംഗ് കൗണ്ടറുകളുടെ ചുമതല നൽകണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ജി) ലക്ഷക്കണക്കിന് രോഗികൾക്ക് ആശ്വാസമായ പേയിംഗ് കൗണ്ടറുകൾ കാര്യക്ഷമമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി ചിറയിൻകീഴ്, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി നെടുമങ്ങാട്, ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി തലശ്ശേരി, ഗവൺമെന്റ് ആശുപത്രി കുത്തുപ്പറമ്പ് കൂടാതെ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് ആശുപത്രി, പൂജപ്പുര സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി എന്നിവിടങ്ങളിലും ഡയറക്ടറേറ്റ് ഓഫ് ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ-ന്റെ കീഴിലുള്ള രണ്ട് ആയുർവേദ ആശുപത്രികളിലും, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജ് ആശുപത്രികളിലും കൂടി ആകെ 13 ഗവൺമെന്റ് ആശുപത്രികളിൽ പേയിംഗ് കൗണ്ടർ പ്രവർത്തിച്ചുവരുന്നു.

(ബി) ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ പേയിംഗ് കൗണ്ടറിലെ വ്യക്തമായ കണക്കുകൾ വെളിപ്പെടുത്തുവാൻ കഴിയുകയുള്ളൂ. കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലെ പേയിംഗ് കൗണ്ടറുകളുടെ വാങ്ങലും വിൽപ്പനയും ലാഭവും നഷ്ടവും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. †

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് പേയിംഗ് കൗണ്ടറിൽ കാലഹരണപ്പെട്ട ഔഷധങ്ങൾ ശേഖരിച്ച് നഷ്ടം വരുത്തിയതായി പരാതി ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കണക്കുകൾ പരിശോധിച്ചുവരികയാണ്.

(ഡി) പരിശോധന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) രണ്ട് ആശുപത്രികളുടെ കാര്യത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ജി) സ്വീകരിക്കുന്നുണ്ട്.

പാരമ്പര്യ വൈദ്യൻമാർക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ

154 [930] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യ ചികിത്സ നടത്തുന്ന വൈദ്യൻമാർക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly